# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 06/1233/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 18/08/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 06/1233/2021 തീയ്യതി: 18/08/2021

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി പി | ഡെപ്യൂട്ടി ഡയറക്ടർ | 27-07-2021 | 09-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-07-2021 | 09-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. അബ്ദുൽ ജലീൽ ടി.പി (ഓഡിറ്റ് ഓഫീസർ. ഹ.ഗ്രേ)
2. മുഹമ്മദ് സലീം ടി (അസി.ഓഡിറ്റ് ഓഫീസർ. ഹ.ഗ്രേ)
3. രാമകൃഷ്ണൻ ടി (സീ. ഗ്രേ. ഓഡിറ്റർ)
4. അമീൻ ഫൈസൽ ടി.ടി (സീ. ഗ്രേ. ഓഡിറ്റർ)
5. സുജാത എം (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| സാജിത.കെ.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മജീദ് എം | സെക്രട്ടറി | 09-05-2019 | 11-07-2019 |
| ഡോ. മഞ്ജു | മെഡിക്കൽ ഓഫീസർ (GHD) | 01-04-2019 | 23-11-2019 |
| ഡോ. ഫിയ എം | മെഡിക്കൽ ഓഫീസർ (GHD) | 24-11-2019 | 31-03-2020 |
| ഡോ. കെ.എം.രവി | വെറ്ററിനറി സർജൻ | 01-04-2019 | 24-11-2019 |
| ഡോ. അബ്ദുൽ ഗഫൂർ | വെറ്ററിനറി സർജൻ | 25-11-2019 | 31-03-2020 |
| ശ്രുതി S | അസി. എൻജിനീയർ | 01-04-2019 | 31-03-2020 |
| അബ്ദുൾ ഷുക്കൂർ.കെ | സെക്രട്ടറി (ഇൻ ചാർജ്) | 01-04-2019 | 08-05-2019 |
| അബ്ദുൾ ഷുക്കൂർ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. സുനിൽ ബാബു. | മെഡിക്കൽ ഓഫീസർ (GAD) | 01-04-2019 | 31-03-2020 |
| സുബൈദ | ICDS സൂപ്രവൈസർ | 01-04-2019 | 19-09-2019 |
| അബ്ദുൾ റഷീദ്.കെ.എ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ത്രേസ്യ റ്റി ജോർജ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഹസ്ന കെ റ്റി | ICDS സൂപ്പർ വൈസർ | 20-09-2019 | 31-03-2020 |
| ഡോ. മുഹമ്മദ് നജീബ് | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) | 01-04-2019 | 31-05-2019 |
| ഡോ. ഷീജാ | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി | 01-06-2019 | 31-03-2020 |
| വൈ.പി.മുഹമ്മദ് അഷ്റഫ് | സെക്രട്ടറി | 12-07-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ).സി.ആർ. പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-5 |
| 6 | തൊഴിലുറപ്പ്<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 08-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 08-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-11 |
| 12 | പാർക്കിംഗ് സൗകര്യം ഒരുക്കാത്ത അപേക്ഷകളിന്മേൽ കെട്ടിട നിർമ്മാണ അനുമതി നൽകി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Sujatha M (Auditor, On 09-08-2021)<br>Last Updated By: Sujatha M (Auditor, On 09-08-2021) | 1-13 |
| 14 | രശീതി പുസ്തകങ്ങളുടെ ഉപയോഗം- അപാകതകൾ<br>Written By: Sujatha M (Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-14 |
| 15 | ഔട്ട് ഡോർ പിരിവ് - സഞ്ചയ പോസ്റ്റിംഗ് അപാകതകൾ<br>Written By: Sujatha M (Auditor, On 09-08-2021)<br>Last Updated By: Sujatha M (Auditor, On 09-08-2021) | 1-15 |
| 16 | രശീതികളിൽ തിയ്യതി ചേർക്കുന്നില്ല.<br>Written By: Sujatha M (Auditor, On 09-08-2021)<br>Last Updated By: Sujatha M (Auditor, On 09-08-2021) | 1-16 |
| 17 | ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ നിർമ്മാണം റഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ചു.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-17 |
| 18 | അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല | 1-18 |

| | | |
|---|---|---|
| | Written By: Sujatha M (Auditor, On 09-08-2021)<br>Last Updated By: Sujatha M (Auditor, On 09-08-2021) | |
| 19 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല- 535050/- രൂപയുടെ ചെലവ് തടസം ചെയ്യുന്നു.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-19 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-20 |
| 21 | പുതിയ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ പദ്ധതി- അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-21 |
| 22 | പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയതിന്റെ രേഖ ഫയലിൽ സൂക്ഷിക്കുന്നില്ല: പിഴ ഈടാക്കുന്നില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-22 |
| 23 | പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-23 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-24 |
| 25 | മുഴുവൻ മരുന്നുകളും ലഭ്യമായിതിന്റെ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-25 |
| 26 | പ്രവൃത്തി പൂർത്തിയാക്കാതെ അവസാന ബിൽ നൽകി.<br>Written By: T.P.Abdul Jaleel (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-26 |
| 27 | കുടിവെള്ള വിതരണം - ആദായനികുതി ഈടാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-27 |
| 28 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Sujatha M (Auditor, On 05-08-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Sujatha M (Auditor, On 05-08-2021) | 4-5 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 18-08-2021) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Sujatha M (Auditor, On 05-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Sujatha M (Auditor, On 05-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Sujatha M (Auditor, On 06-08-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Sujatha M (Auditor, On 05-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 18-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./തിയ്യതി |
|---|---|
| (1)/08.02.2019 | (2)/09.03.2020 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 17.11.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 60415474 |
| വരവ് | 141391171 |
| ആകെ | 201806645 |
| ചെലവ് | 140044359 |
| നീക്കിയിരിപ്പ് | 61762286 |

### 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 21316123 | 21316123 | 19864384 | 1451739 | 93 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 17009941 | 17009941 | 10868159 | 6141782 | 64 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 618588 | 618588 | 495198 | 123390 | 80 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | | 0 | 7308000 | 7308000 | 5302966 | 2005034 | 73 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 11797000 | 11797000 | 7576671 | 4220329 | 64 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 16119974 | 16119974 | 9843108 | 6276866 | 61 |
| സംയുക്ത പ്രൊജക്റ്റ് | ബ്ലോക്ക് പഞ്ചായത്ത് | 555705 | 4165000 | 4720705 | 4720680 | 25 | 100 |
| | ജില്ലാ പഞ്ചായത്ത് | 0 | 19188332 | 19188332 | 18821132 | 367200 | 98 |
| ബി ഫണ്ട് | | 0 | 22750835 | 22750835 | 22750835 | 0 | 100 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 423 | 186179002 | 260 | 122271769 | 0 | 163 | 61.5% |

### 1-6 തൊഴിലുറപ്പ്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9796 | 1321703 | 1331499 | 1331499 | 0 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 28597000 | 28597000 | 28597000 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 303435 | 280 |
| കർഷകതൊഴിലാളി പെൻഷൻ | 1328400 | 414 |
| വിധവാപെൻഷൻ | 8406000 | 2419 |
| വാർദ്ധക്യകാലപെൻഷൻ | 9343800 | 2712 |
| വികലാംഗപെൻഷൻ | 2689400 | 765 |
| വിവാഹധനസഹായം | 270000 | 9 |
| 50 വയസിനു മുകളിലുള്ള വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 409800 | 119 |
| | | |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2021 ന് 12 Amന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1524/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. റോഡിതര ആസ്തികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2)കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും,ഓഫീസ് ഫർണ്ണിച്ചറുകൾക്കും സ്റ്റോറുകൾക്കും ,പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല.സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല.സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും ( ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.

3)ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് സെക്രട്ടറി പാലിക്കുന്നില്ല.

4)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്റ്റുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം നിർജ്ജീവമാണ്. 2019-20 വർഷത്തെ പ്രോജക്റ്റുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

5)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം,ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാകാര്യങ്ങളിലും ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടലുകളും പര്യാപ്തമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

6) പട്ടികവർഗ്ഗ കുടിവെള്ളപദ്ധതിയുടെ വൈദ്യുതി ചാർജ് ടി എസ് പി ഫണ്ടിൽ നിന്നും അടവാക്കാമെങ്കിലും ആയത് നിലവിൽ തനത്ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്.

7) തെരുവ് വിളക്കുകളുടെ രജിസ്റ്ററിൽ ശരിയായി വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.02.2021 | 11/2020 - 01/2021 | 19.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ | 16.02.2017 | 2012-13 To | 11/04/2017 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2015-16 | |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. AFS പ്രകാരമുള്ള വാടക [Rent Receivables From Building] ഡിമാന്റ് [2935755], രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റും [2927257] തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. AFS പ്രകാരമുള്ള ലീസ് [Lease From Land] ഡിമാന്റ് [57418], രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റും [57420] തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. AFS പ്രകാരമുള്ള ലീസ് [Lease From Land] കുടിശ്ശികയും [23923], രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശികയും [23925] തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. AFS പ്രകാരമുള്ള വാടക കുടിശ്ശികയും [207295], രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശികയും [198798] തമ്മിൽ പൊരുത്തപ്പെടുന്നില്ല.
5. AFS പ്രകാരമുള്ള വസ്തു നികുതി [തൻവർഷം ] വരവും [6701040], സഞ്ചയ പ്രകാരമുള്ള വരവും [6713054] തമ്മിൽ പൊരുത്തപ്പെടുന്നില്ല.
6. AFS പ്രകാരമുള്ള വസ്തു നികുതി [കുടിശ്ശിക ] വരവും [8644], സഞ്ചയ പ്രകാരമുള്ള വരവും [8659] തമ്മിൽ പൊരുത്തപ്പെടുന്നില്ല.
7. SBI [Loan] അക്കൗണ്ടിലെ തുക [5932/-] ബാധ്യതയായി ബുക്ക് ചെയ്തിട്ടില്ല.
8. വാടക ഡിപ്പോസിറ്റ് തുക [Rent Deposit] ഹെഡ് മാറി Auction Deposit -ലാണ് ബുക്ക് ചെയ്തിട്ടുള്ളത്.
9. AFS പ്രകാരം 3000/- നിക്ഷേപം ഉണ്ട്. ആയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല.
10. ചെലവുകൾ സാംഖ്യയിൽ ബുക്ക് ചെയ്യുന്നതിന് മുമ്പ് ചെക്കുകൾ മുഖേന ചെലവുകൾ നടത്തുന്നു.
11. കാലഹരണപ്പെട്ട ഡിപ്പോസിറ്റുകൾ [B7] ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല.
12. ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ മൂല്യവും, ആസ്തി രജിസ്റ്ററിലെ ആസ്തികളുടെ മൂല്യവും പൊരുത്തപ്പെടുന്നില്ല.
13. മുൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.


## 1-12 പാർക്കിംഗ് സൗകര്യം ഒരുക്കാത്ത അപേക്ഷകളിന്മേൽ കെട്ടിട നിർമ്മാണ അനുമതി നൽകി.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങള്-2011, ചട്ടം 38 പ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടിയാണ് പാർക്കിംഗ് സ്ഥലം വ്യവസ്ഥ ചെയ്യേണ്ടത്. കൂടാതെ ഓരോ പാർക്കിംഗിനുള്ള സ്ഥലവും ചട്ട പ്രകാരമുള്ള അളവിൽ (5.5*2.7 മീറ്റർ) പാർക്കിംഗ് സ്ഥലത്ത് മാർക്ക് ചെയ്യേണ്ടതും ഇത്തരത്തിൽ മാർക്ക് ചെയ്ത സ്ഥലങ്ങൾ കൂടാതെ ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും, വാഹനങ്ങൾ തിരിക്കുവാനുള്ള സ്ഥലവും ചട്ടപ്രകാരം ഉണ്ടായിരിക്കേണ്ടതാണ്. പാർക്ക് ചെയ്ത ഒരു വാഹനം മാറ്റാതെ തന്നെ പാർക്കിംഗ് സ്ഥലത്ത് ഒരുക്കിയിട്ടുള്ള വാഹനങ്ങൾക്ക് ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും, വാഹനങ്ങൾ തിരിക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് ഒരുക്കിയിട്ടുള്ള പാർക്കിംഗ് സ്ഥലത്ത് പാർക്ക് ചെയ്ത ഒരു വാഹനം മാറ്റാതെ പാർക്കിംഗ് സ്ഥലത്ത് ഒരുക്കിയിട്ടുള്ള മറ്റ് വാഹനങ്ങൾക്ക് ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും, വാഹനങ്ങൾ തിരിക്കുവാനുള്ള സൗകര്യവും ഒരുക്കിയിട്ടില്ല.

| ക്രമ നമ്പർ | ഉടമയുടെ വിലാസം | പെർമിറ്റ്/ റെഗുലറൈസേഷൻ വിവരം | കുറിപ്പ് |
|---|---|---|---|
| 1 | സുബൈദ മുതൽ പേർ കരിപ്പത്തൊടിക വീട് | പെർമിറ്റ് നമ്പർ A2/BA/190238/2019/ 11.07.2019 (വാണിജ്യ കെട്ടിടം) | പ്രവേശന ഭാഗത്ത് 5.55 മീറ്റർ വീതിയും മറ്റേ അറ്റത്ത് 3.22 മീറ്റർ വീതിയും ഉള്ള ദീർഘ ചതുരാകൃതിയിലുള്ള പാർക്കിംഗ് സ്ഥലത്ത് തുടർച്ചയായി 4 കാറുകൾ പാർക്ക് ചെയ്യുന്നതായി മാർക്ക് ചെയ്തു. [ചിത്രം 1 കൂടി കാണുക] |
| 2 | ഹംസ മുതൽപേര് ചോലക്കൽ വീട് | പെർമിറ്റ് നമ്പർ A2/BA/57618/2019/ 15.04.2019 (വാണിജ്യ കെട്ടിടം) | ആവശ്യമായ ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും ഇല്ല. |

ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ നിർമ്മാണ അനുമതി നൽകിയതിന് സാങ്കേതിക പരിശോധന നടത്തിയ അസി.എൻജിനീയർ, മേൽ പരിശോധന നടത്തി പെർമിറ്റ് നൽകിയ

സെക്രട്ടി എന്നിവരുടെ ഭാഗത്തു നിന്നുള്ള വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.




[ചിത്രം 1]

[ഓഡിറ്റ് എൻക്വയറി 15/06.08.2021- മറുപടി ലഭ്യമാക്കിയിട്ടില്ല]

ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ നിർമ്മാണ അനുമതി നൽകിയതിന് വിശദീകരണം ലഭ്യമക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഇനത്തിലുള്ള വരവ് പരിശോധിച്ചതിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1. സെന്റ് ഫ്രാൻസിസ് സ്കൂൾ , വാണിയമ്പലത്തിലെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്ന് 2019-20 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.

| ക്രമ നമ്പർ | ജീവനക്കാരൻ | അർദ്ധവാർഷിക വരുമാനം (സ്ഥാപനം സമർപ്പിച്ച റിട്ടേൺ പ്രകാരം) | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | ഹേമ.എൻ ,ടീച്ചർ | 81918/- | 750 | 450 | 300 |
| 2 | ഷിനിത.സി, ടീച്ചർ | 81918/- | 750 | 450 | 300 |
| 3 | ഗായത്രി.ജെ, ടീച്ചർ | 68196/- | 600 | 450 | 150 |
| 4 | പ്രശാന്ത്.സി, ടീച്ചർ | 115200/- | 1000 | 750 | 250 |
| 5 | മേരി സ്റ്റെല്ല, ഒ.എ | 58410/- | 450 | 300 | 150 |
| 6 | സിന്ധു, ആയ | 45696/- | 450 | 300 | 150 |

2. കാളികാവ് റെയ്ഞ്ച് ഓഫീസിലെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്ന് 2019-20 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.

| ക്രമ നമ്പർ | ജീവനക്കാരൻ | അർദ്ധവാർഷിക വരുമാനം (സ്ഥാപനം സമർപ്പിച്ച റിട്ടേൺ പ്രകാരം) | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അജയൻ.എം.സി, ട്രൈബൽ വാച്ചർ | 142800/- | 1250 | 1000 | 250 |
| 2 | ഗിരീഷ്.എസ്, ട്രൈബൽ വാച്ചർ | 142800/- | 1250 | 1000 | 250 |

ഒരു സ്ഥാപനത്തിലെ പല ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതിനാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിച്ച് മതിയായ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കുന്നില്ലെന്ന് വ്യക്തമാകുന്നു. അപാകത പരിഹരിക്കേണ്ടതാണ്.
അപാകത സൂചിപ്പിച്ച് 1 / 04.08.2021 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് കാളികാവ് റെയ്ഞ്ച് ഓഫീസിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയതിൽ കുറവ് വന്ന 500 രൂപ, 05/08/2021 തിയതിയിലെ 121040101628 നമ്പർ രസീതി പ്രകാരം അടവാക്കി. സെന്റ് ഫ്രാൻസിസ് സ്കൂൾ , വാണിയമ്പലം കത്ത് നൽകിയിട്ടുണ്ടെന്നും തുക ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിച്ച് മതിയായ തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 രശീതി പുസ്തകങ്ങളുടെ ഉപയോഗം- അപാകതകൾ

കൃഷി ഓഫീസർ 2019-20 വർഷത്തിൽ നടപ്പിലാക്കിയ നെൽകൃഷിക്ക് ഇത്തിൾ വിതരണം , മൺ ചട്ടിയിൽ പച്ചക്കറി കൃഷി എന്നീ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി രശീതി ബുക്ക് നംപർ 50507 ലെ 1 മുതൽ 100 വരെയും രശീതി ബുക്ക് നംപർ 56738 ലെ 1 മുതൽ 3വരെയുമുള്ള രശീതികൾ ഉപയോഗിച്ചിട്ടുണ്ട്. രശീതികളുടെ ഉപയോഗത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. രശീതികളുടെ ഒറിജിനൽ ഗുണഭോക്താവിന് നൽകി ഡ്യൂപ്ലിക്കേറ്റാണ് സൂക്ഷിച്ചിട്ടുള്ളത്.

2. ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

3. രശീതി ബുക്ക് നം 50507 ലെ 4 മുതൽ 100 വരെയും രശീതി ബുക്ക് നം 56738 ലെ 1 മുതൽ 3വരെയുമുള്ള രശീതികൾ ഉപയോഗിച്ച് 07.11.2019 ന് മൺ ചട്ടിയിൽ പച്ചക്കറി കൃഷി പദ്ധതിക്കായി 100 ഗുണഭോക്താക്കളിൽ നിന്നായി 50000/-രൂപ (100X50) കളക്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആയത് 119040106654 രശീതി പ്രകാരം 20.11.2019 നാണ് അടവാക്കിയിട്ടുള്ളത്.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 3/ 04.08.2021 ഓഡിറ്റ് എൻക്വയറിക്ക് ഭാവിയിൽ അപാകതകൾ ആവർത്തിക്കില്ലെന്ന മറുപടി ലഭ്യമാക്കി. രശീതികൾ ശരിയായ രീതിയിലാണ് ഉപയോഗിക്കുന്നതെന്ന് കൃഷി ഓഫീസറും കളക്ഷൻ തുക പഞ്ചായത്തിൽ യഥാസമയം അടവാക്കുന്നുണ്ടെന്ന് അക്കൗണ്ടന്റും ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 ഔട്ട് ഡോർ പിരിവ് - സഞ്ചയ പോസ്റ്റിംഗ് അപാകതകൾ

ഔട്ട് ഡോർ രശീതി പ്രകാരം (വസ്തുനികുതി) പിരിച്ചെടുത്ത തുകയല്ല പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതും സഞ്ചയയിൽ ബന്ധപ്പെട്ട കെട്ടിട നമ്പറിൽ പോസ്റ്റ് ചെയ്യുന്നതും. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രശീതി വിവരം | പിരിച്ചെടുത്ത തുക | സഞ്ചയയിൽ പോസ്റ്റ് ചെയ്ത തുക |
|---|---|---|
| 56751/22 തി.07.03.2020 | 250 | 251 |
| 56751/32 തി.07.03.2020 | 211 | 267 |
| 56751/34 തി.07.03.2020 | 220 | 236 |
| 56751/36 തി.07.03.2020 | 252 | 253 |
| 56769/20 തി.15.02.2021 | 330 | 328 |
| 56768/64 തി.11.02.2021 | 220 | 215 |
| 56768/68 തി.11.02.2021 | 275 | 266 |
| 5026/39 തി.12.02.2021 | 301 | 367 |
| 5031/43 തി.16.02.2021 | 200 | 196 |
| 5032/79 തി.17.02.2021 | 270 | 266 |
| 5035/22 തി.05.03.2021 | 380 | 382 |
| 5035/47 തി.05.03.2021 | 240 | 253 |
| 5036/82 തി.06.03.2021 | 575 | 574 |
| 56762/75 തി.09.02.2021 | 343 | 451 |
| 56762/92 തി.10.02.2021 | 330 | 350 |
| | | |

| | | |
|---|---|---|
| 56774/3 തി.11.02.2021 | 260 | 257 |
| 56772/10 തി.11.02.2021 | 374 | 364 |
| 56772/88 തി.11.02.2021 | 360 | 357 |
| 56770/41 തി.16.02.2021 | 430 | 438 |
| 56770/42 തി.16.02.2021 | 430 | 438 |
| 56770/43 തി.16.02.2021 | 430 | 438 |
| 56770/44 തി.16.02.2021 | 430 | 438 |
| 56770/45തി.16.02.2021 | 430 | 438 |
| 56770/46 തി.16.02.2021 | 430 | 438 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 2/ 04.08.2021 ഓഡിറ്റ് എൻക്വയറി നൽകി. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭിക്കുന്ന ഫീൽഡ് കളക്ഷൻ റിപ്പോർട്ട് പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഡിമാന്റ് അനുസരിച്ച് ജീവനക്കാർ ഔട്ട് ഡോർ ക്യാമ്പ് കളക്ഷനായി നികുതി പിരിച്ചെടുക്കുകയും ഓഫീസിൽ എത്തി ക്യാമ്പ് കളക്ഷൻ മെനു ഉപയോഗിച്ച് സഞ്ചയയിൽ പോസ്റ്റ് ചെയ്യുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ ഫീൽഡ് കളക്ഷൻ റിപ്പോർട്ട് പ്രകാരമുള്ള ഡിമാന്റും പോസ്റ്റിംഗ് സംഖ്യയും തമ്മിൽ വ്യത്യാസം വരുന്നുണ്ടെന്നും പോസ്റ്റ് ചെയ്യുമ്പോൾ വ്യത്യാസം വന്ന സംഖ്യ കൂടുതലാണെങ്കിൽ തുക അഡ്വാൻസിലേക്ക് മാറ്റി കിട്ടുന്നുണ്ടെങ്കിലും തുക കുറവുവന്നാൽ നികുതി ഭാഗികമായി ഒഴിവാക്കാനുള്ള അവസരം സഞ്ചയയിൽ ലഭ്യമല്ലാത്തതിനാൽ കുറവ് തുക ഉൾപ്പടെ പോസ്റ്റ് ചെയ്ത് ജീവനക്കാർ അടവാക്കുകയാണ് ചെയ്യുന്നതെന്നും മറുപടി നൽകി. സോഫ്റ്റ് വെയറിലെ അപാകത ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ഫീൽഡ് കളക്ഷൻ റിപ്പോർട്ട്, ക്യാമ്പ് കളക്ഷൻ മെനു എന്നിവയിൽ വ്യത്യാസപ്പെടുന്നത് ആശാവഹമല്ല.

## <u>1-16 രശീതികളിൽ തിയ്യതി ചേർക്കുന്നില്ല.</u>

2019-20 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്യുന്നതിനായി വെറ്ററിനറി സർജൻ രശീതി പുസ്തകങ്ങൾ ഉപയോഗിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തുക കൈപ്പറ്റി ഗുണഭോക്താക്കൾക്ക് രശീതി നൽകുമ്പോൾ തിയ്യതി ചേർക്കാതെ 50512/1-100, 56746/1-100, 56747/1-95 എന്നീ രശീതികളിൽ പിന്നീട് തിയ്യതി ചേർക്കുകയാണ് ചെയ്തിട്ടുള്ളത്.

2. രശീതികളിൽ തിയ്യതി ചേർത്തിട്ടില്ല.

| ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|
| 56747 | 96-100 |
| 56748 | 1-100 |
| 56749 | 1-24, 54 |
| 56753 | 4,5, 9 To 25, 30,34,41 |

രശീതികളിൽ തിയ്യതി രേഖപ്പെടുത്താത്തതിനാൽ കളക്ഷൻ തുക യഥാസമയം അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സാധ്യമല്ല.

3. രശീതി ബുക്ക് 56753 ലെ 39,40,41 എന്നീ രശീതികൾ ഉപയോഗിച്ചപ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രശീതികൾ ഉപയോഗിക്കുമ്പോൾ കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 6/ 06.08.2021 മറുപടി ലഭ്യമാക്കിയില്ല)

## <u>1-17 ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ നിർമ്മാണം റഗലറൈസ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ചു.</u>


ശ്രീമതി . പാത്തുമ്മ മുതൽ പേർ എന്നവരുടെ , ബ്ലോക്ക് 78 സർവ്വെ നമ്പർ 69/6 ൽ 0.0580 ഹെക്ടർ സ്ഥലത്ത് പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിച്ച് വസ്തു നികുതി ഈടാക്കി കെട്ടിട നമ്പർ നൽകിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷ | കംപ്ലീഷൻ പ്ലാൻ പ്രകാരം ഫ്ലോർ ഏരിയ | കംപ്ലീഷൻ പ്ലാൻ പ്രകാരം കാർപ്പറ്റ് ഏരിയ | അനുവദിച്ച കെട്ടിട നമ്പർ |
|---|---|---|---|
| എ2- 6607/19 തി. 20.08.2019 | GF- 319.47 ച.മീ<br>FF- 329.3. ച.മീ | 406.88 ച.മീ | 18/ 526 C To Z ( I,O ഒഴികെ) |

| | | | |
|---|---|---|---|
| | Total-648.77 ച.മീ | | 18/527 A To D<br>അസസ്മെന്റ് തിയതി.<br>05.10.2019 |

1. ആവശ്യമായ പാർക്കിംഗ് സൗകര്യം നൽകിയിട്ടില്ല.

പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി സമർപ്പിച്ച എ2- 6607/19 തി. 20.08.2019അപേക്ഷ സാങ്കേതിക പരിശോധന നടത്തിയ അസി.എഞ്ചിനീയർ ടോയ്‌ലറ്റ് , യൂറിനൽസ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നും ആവശ്യമായ പാർക്കിംഗ് സൗകര്യം നൽകിയിട്ടില്ലെന്നും നിലവിൽ നൽകിയിരിക്കുന്ന പാർക്കിംഗ് ശരിയായ രീതിയിലല്ലെന്നും കൂടാതെ പ്ലാനുകൾ ശരിയായ സ്കെയിലിൽ അല്ലെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എ2- 6607/19 തി. 27.09.2019 നമ്പർ കത്ത് നൽകിയിട്ടുണ്ട്. പിന്നീട് സമർപ്പിച്ച പ്ലാൻ പരിശോധനക്കായി ഫയൽ അസി.എഞ്ചിനീയർക്ക് കൈമാറിയിട്ടില്ല. റഗുലറൈസേഷൻ ഫീ ഈടാക്കി നമ്പർ നൽകാൻ സെക്രട്ടറി നിർദ്ദേശിച്ചതിന്റെ (04.10.2019) അടിസ്ഥാനത്തിൽ റഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. 2011 ലെ കേരള പഞ്ചാത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തെരുവിലേക്കുള്ള വാഹനങ്ങളുടെ പ്രവേശനം , ഡ്രൈവിംഗ് , വാഹനങ്ങൾ തിരിക്കാനുള്ള സ്ഥലം എന്നിവയോട് കൂടി വേണം പാർക്കിംഗ് വ്യവസ്ഥ ചെയ്യേണ്ടത്. എന്നാൽ പ്ലാനിൽ ചട്ട പ്രകാരമുള്ള പാർക്കിംഗ് കാണിച്ചിട്ടില്ല. അപാകത പരിഹരിക്കാതെ നിർമ്മാണം റഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ചത് ക്രമ പ്രകാരമല്ല.




2. റഗുലറൈസേഷൻ ഫീ കുറവായി ഈടാക്കി

അപേക്ഷയോടൊപ്പം സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ, സെക്ഷൻ ക്ലർക്കിന്റെ കുറിപ്പ് എന്നിവ പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് 648.77 ച.മീ വിസ്തീർണ്ണമുണ്ട്. എന്നാൽ 582ച.മീറ്ററിനാണ് റഗുലറൈസേഷൻ ഫീ (582X10= 5820) ഈടാക്കിയിട്ടുള്ളത്.

3. മുഴുവൻ ഏരിയക്കും വസ്തുനികുതി ഈടാക്കിയില്ല

നിർമ്മാണം റഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ചപ്പോൾ 582ച.മീറ്ററിനാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. 2011 ലെ കേരള പഞ്ചാത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റുഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചപ്പോൾ അപേക്ഷകർ സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള മുഴുവൻ ഏരിയയും കണക്കിലെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ നിർമ്മാണം റഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി 05/06.08.2021 ന് മറുപടി ലഭ്യമാക്കിയില്ല.]

## 1-18 അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കുശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇത് ഒരു ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് | ചെക്ക് നമ്പർ / തിയ്യതി | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച തിയതി. | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| SBI Loan | | | | |

| | | | | |
|---|---|---|---|---|
| SBI Loan - 67104678517 | 812188/20.06.2019 | 20.06.2019 | 24.06.2019 | 26.06.2019 |
| | 812189/20.06.2019 | 20.06.2019 | 24.06.2019 | 26.06.2019 |
| WSCB- Own Fund | 33223/12.04.2019 | 12.04.2019 | 12.04.2019 | 16.04.2019 |
| | 33224/12.04.2019 | 12.04.2019 | 12.04.2019 | 16.04.2019 |
| | 33990/07.09.19 | 07.09.19 | 16.09.2019 | 20.09.2019 |
| | 33996/07.09.19 | 07.09.19 | 17.09.2019 | 20.09.2019 |
| SBI Own Fund- 67145390713 | 640540/22.01.20 | 22.01.20 | 23.01.20 | 24.01.20 |
| | 640540/25.01.20 | 25.01.20 | 29.01.20 | 31.01.20 |
| ട്രഷറി ടി.എസ്.ബി അക്കൗണ്ട് | 5303241/10.06.19 | 10.06.19 | 11.06.19 | 19.06.19 |
| | 5303295/23.01.2020 | 23.01.2020 | 28.01.2020 | 31.01.2020 |
| | 5303296/23.01.2020 | 23.01.2020 | 28.01.2020 | 31.01.2020 |
| | 5303299/23.01.2020 | 23.01.2020 | 29.01.2020 | 31.01.2020 |
| | 5303300/23.01.2020 | 23.01.2020 | 29.01.2020 | 31.01.2020 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി നം.16 /6.08.2021 മറുപടി ലഭ്യമാക്കിയില്ല.]

## 1-19 രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല- 535050/- രൂപയുടെ ചെലവ് തടസം ചെയ്യുന്നു.

2019-20 വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രൊജക്ടിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽ/ ഫണ്ട് | ചെലവ് തുക |
|---|---|---|---|
| 1 | സമഗ്ര വിദ്യാഭ്യാസ പരിപാടി (SO/317) | 300000/- വികസന ഫണ്ട് (ജനറൽ) | 209800 |
| 2 | തുല്യതാ പരീക്ഷ (SO/318) | 100000/-+50000 വികസന ഫണ്ട് (ജനറൽ)+തനത് ഫണ്ട് | 99250+49950 |
| 3 | സമഗ്ര വിദ്യാഭ്യാസ പരിപാടി (25/20) | 276500/- വികസന ഫണ്ട് (ജനറൽ) | 126000 |
| 4 | തുല്യതാ പരീക്ഷ (26/20) | 100000/- വികസന ഫണ്ട് (ജനറൽ) | 100000 |

ക്വാറന്റയിൻനിൽ ആയതിനാൽ രേഖകൾ ഓഡിറ്റ് സമയത്തഹാജരാക്കാൻ കഴിയില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ ഫോൺ മുഖേന അറിയിച്ചിട്ടുണ്ട്. ജില്ലാ ഓഡിറ്റ് കാര്യാലയവുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 535050/- രൂപയുടെ ചെലവ് തടസം ചെയ്യുന്നു.

[ഓഡിറ്റ് റിക്കുസിഷൻ തിയ്യതി 03.08.2021- മറുപടി ഫോൺ മുഖേന അറിയിച്ചു]

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തികൾ -പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

2019-20 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണം-സെക്രട്ടറി

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ബിൽനം./ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിററി | 315/20,കുറ്റിയിൽ അംഗനവാടിക്ക് കുടിവെള്ളം ലഭ്യമാക്കൽ -വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 34/19-20-/31.01.2020-50,000 &33/19-20/13.03.2020-130000 | 50,000 പ്ലാൻ( ജനറൽ) 1,30,000 എം ജി (എൻ ആർ) | - | 1,80,500 |
| 2 | കേരള വാട്ടർ അതോറിററി | 69/20,മുണ്ടാണി വയൽറോഡ് പൈപ്പ് ലൈൻ-വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 37/19-20-/13.03.2020-62,000 &36/19-20/13.03.2020-113000 | 1,13,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) 62,000 -പ്ലാൻ(ജനറൽ) | - | 1,75,000 |
| 3 | കേരള വാട്ടർ അതോറിററി | 71/20,പാലക്കാട്ടുകുന്ന് പൈപ്പ് ലൈൻ- വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 35/19-20/30.01.2020 | 4,30,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 4,30,000 |
| 4 | കേരള വാട്ടർ അതോറിററി | 73/20,കോക്കാടൻകുന്ന് പൈപ്പ് ലൈൻ-വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 32/19-20/13.03.2020 | 1,47,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 1,47,000 |
| 5 | കേരള വാട്ടർ അതോറിററി | 78/20,മേലേമഠം-വൈദ്യർപടി റോഡ് പൈപ്പ് ലൈൻ-വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 27/19-20/20.01.2020 | 50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 50,000 |
| 6 | കേരള വാട്ടർ അതോറിററി | 81/20,കംഭാരകോളനി പൈപ്പ് ലൈൻ-വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 28/19-20/20.01.2020 | 30,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 30,000 |
| 7 | കേരള വാട്ടർ അതോറിററി | 83/20,നരിമടക്കൽ പൈപ്പ് ലൈൻ നീട്ടൽ-വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 29/19-20/20.01.2020 | 3,30,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 3,30,000 |
| 8 | കെ എസ് ഇ ബി | 114/20,പുത്രിക്കര എസ് സി കോളനി കുടിവെള്ളപദ്ധതിക്ക് വൈദ്യുതി ലഭ്യമാക്കൽ | 18/19-20/30.09.2019 | 99,444 (എസ് സി പി ) | - | 99,444 |
| 9 | കേരള വാട്ടർ അതോറിററി | 314/20,ബഡ്സ് റിഹാബിലിറ്റേഷൻ സെൻററിന് കുടുവെള്ളം ലഭ്യമാക്കൽ-വാട്ടർ അതോറിറ്റിക്ക് വിഹിതം നൽകൽ(Spill Over) | 26/19-20/17.11.2019 | 18,000(Plan General) | - | 18,000 |

മേൽ പദ്ധതികൾക്കായി തുക അടവാക്കിയതിന്റെയും,സ്ഥാപനവുമായി ഉടമ്പടിവെച്ചതിന്റെയും,പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/06.08.2020) വിവരം ലഭ്യമാക്കുന്നതാണെന്നറിയിച്ചു.ആയത് ലഭ്യമാക്കുന്നത് വരെ ചെലവുതുക 14,59,444രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 പുതിയ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ പദ്ധതി- അപാകതകൾ

പ്രോജക്റ്റ് നം. 572/20

പുതിയ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ പദ്ധതി(സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 9,98,745 രൂപ (തനത് ഫണ്ട് )

വൗച്ചർ നം. 21901225/10.03.2020 -9,78,771

വൗച്ചർ നം. 21901226/10.03.2020 -19,974

പദ്ധതി പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ ആർട്ട്കോ(ആർട്ടിസാൻ ഡവലപ്പ്മെൻറ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് ,കേരള) മുഖേന Street Light Diecast Aluminium 25 W 313 എണ്ണം പുതിയതായി സ്ഥാപിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വണ്ടൂർ,വാണിയമ്പലം,തിരുവാലി,മമ്പാട്,നിലമ്പൂർ കെ എസ് ഇ ബി ഡിവിഷനുകളിൽ ഉൾപ്പെട്ട തെരുവുവിളക്കുകളാണ് വിവിധ വാർഡുകളിൽ ഉള്ളത്. ഈ ഡിവിഷനുകൾക്ക് കീഴിൽ എത്ര ലൈറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്നത് സംബന്ധിച്ച കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനു മുൻപ് ഉണ്ടായിരുന്നില്ല.

കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല. (ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011).

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ 2017-18 കാലയളവിൽ രേഖപ്പെടുത്തിയ വിവരങ്ങൾ മാത്രമാണ് ഉള്ളത്.ആയതിൽ തന്നെ ആകെ 23 വാർഡുകളിൽ 15,18,19,20 21,22,വാർഡുകളിലെ വിവരങ്ങൾ ഇല്ല. 2018-19 ൽ രണ്ട് പ്രോജക്റ്റുകളിലായി 6,94,560 രൂപ (4,94,790 + 1,99,770)ചെലവുചെയ്ത് 1042 എണ്ണം തെരുവ് വിളക്കുകൾ (സി എഫ് എൽ ലാമ്പുകൾ) നന്നാക്കിയിട്ടുണ്ട്.എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല.(പ്രസ്തുത പ്രോജക്റ്റുകൾ 2019-20 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയവയാണ്. പദ്ധതികൾ മോണിറ്ററിംഗ് നടത്തുയിട്ടില്ല. കെ എസ് ഇ ബി യിൽ നിന്നും പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല.)

കൂടാതെ,ഈ പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല.വ്യക്തമായ വിവരശേഖരണം നടത്താതെയാണ് പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്.മേൽ പ്രോജക്റ്റുകളുടെ കരാർ കാലാവധി തീർന്ന ഉടൻ തന്നെ പുതിയ പ്രോജക്റ്റ് നടപ്പിലാക്കുകയായിരുന്നു.വ്യക്തമായ ആസൂത്രണമില്ലാതെ പദ്ധതിക്കായി പണം ചെലവഴിക്കുകയായിരുന്നു.

തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ലൈറ്റുകൾ കേടായ ശേഷം മാറ്റിയതല്ലെന്നിരിക്കെ തൽസ്ഥാനത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന സി എഫ് എൽ ബൾബുകൾ എന്തു ചെയ്തുവെന്ന് മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

2) നം. എ3-119/19-20 തി. 10.12.19 പ്രകാരം വണ്ടൂർ,വാണിയമ്പലം,തിരുവാലി കെ എസ് ഇ ബി ഡിവിഷനുകൾക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ അനുമതി ലഭ്യമായതിന്റെ വിവരം ഇല്ല. കെ എസ് ഇ ബി യിൽ നിന്നും പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല.

3) വാർഡ് മെമ്പർമാർ സമർപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്.ആയതിൽ പ്രകാരം ഓരോ വാർഡിലും 15 എണ്ണം വീതം 345 എണ്ണമാണ് സ്ഥാപിച്ചത്.സ്ഥാപനത്തിന്റെ കണക്ക് പ്രകാരം 313 എണ്ണമാണ് സ്ഥാപിച്ചിട്ടുള്ളത്.

കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ സപ്ലേ ഓർഡർ നൽകാവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്.ആയത് പാലിച്ചിട്ടില്ല.പദ്ധതി മോണിറ്ററിംഗ് നടത്തുയിട്ടുമില്ല.

4)സ്ഥാപനവുമായി 19.12.2019ന് ഒപ്പുവെച്ച ഉടമ്പടി പ്രകാരം 36 മാസത്തെ വാറണ്ടി സ്ഥാപനം നൽകുന്നുണ്ട്.വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കുന്നതാണ്.ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികള് നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. ആയതും പാലിച്ചിട്ടില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (18/09.08.21) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 9,98,745 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-22 പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയതിന്റെ രേഖ ഫയലിൽ സൂക്ഷിക്കുന്നില്ല: പിഴ

ഈടാക്കുന്നില്ല.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ പല പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. കാലാവസ്ഥാ വ്യതിയാനം,പ്രവൃത്തിയുടെ മൂല്യം, നിർമാണസാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്കാവശ്യമായ സമയക്രമം, Curing Period, മുതലായവ പരിഗണിച്ചാണ് സമയപരിധി നിശ്ചയിക്കേണ്ടത്. മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് ടെണ്ടർ ഷെഡ്യൂളിൽ വ്യക്തമാക്കണം.കൂടാതെ, Technical Sanction ഓർഡറിലും അഗ്രീമെന്റ് രജിസ്റ്ററിലും അതാത് കോളങ്ങളിൽ പൂർത്തീകരണ കാലാവധി എത്ര കാലമാമെന്ന് ചേർക്കണം. എന്നാൽ, അഗ്രീമെന്റ് രജിസ്റ്ററിൽ ഒരു പ്രവത്തിയുടേയും പൂർത്തീകരണ കാലാവധി എത്ര കാലമാമാണെന്ന് രേഖപ്പെടുത്തുന്നില്ല. അതേസമയം അഗ്രീമെന്റ് രജിസ്റ്ററിലെ മറ്റെല്ലാ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തുന്നുമുണ്ട്. Technical Sanction ഓർഡറിൽ പല പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. മാത്രമല്ല, പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുന്ന തീയതിയും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ തന്നെ ഇത്തരത്തിൽ രേഖപ്പെടുത്തൽ വരുത്താത്ത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. കുറഞ്ഞ പൂർത്തീകരണ കാലാവധി ആവശ്യമുള്ള കോൺക്രീറ്റ് വർക്ക്, കുഴൽ കിണർ നിർമാണം മുതലായവ പൂർത്തീകരിക്കാൻ ഒരുവർഷത്തോളം സമയം വേണ്ടിവന്നതായും കാണുന്നുണ്ട്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. എന്നാൽ ഇത്തരത്തിൽ ഒരു പ്രവൃത്തിക്കും പിഴ ഈയാക്കിയതായി കാണുന്നില്ല.

പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്ത പ്രവൃത്തികളിൽ ചിലത് താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തിയുടെ വിശദാംശം | കരാർ തീയതി | പൂർത്തീകരിച്ച തീയതി | കരാർ തീയതി മുതൽ പൂർത്തീകരിക്കാനെടുത്ത സമയം | റിമാർക്സ് |
|---|---|---|---|---|---|
| 1 | മുടവൻകോട് അങ്കണവാടിക്ക് കടിവെള്ളം ലഭ്യമാക്കൽ 469/20<br>അടങ്കൽ: 105000 (MGNR)<br>കരാറുകാരൻ: ഖാലിദ് പി<br>അളവ് പുസ്തകം: 157/17-18 | 149/AELSGD/WDR/17-18/23-3-18 | 29-1-19 (അളവ് പുസ്തകം പേജ് 3) | 10 മാസം | ഭൂജലവകുപ്പിൽ നിന്ന് കുഴൽ കിണർ കുഴിക്കുന്നതിനുള്ള ഫീസിബിലിറ്റി 27-3-18 ന് ലഭിച്ച |
| 2 | CKGLPSകുടിവെള്ളം ലഭ്യമാക്കൽ 470/20<br>അടങ്കൽ: 110000 (MGNR)<br>കരാറുകാരൻ: ഖാലിദ് പി<br>അളവ് പുസ്തകം: 155/17-18 | 147/AELSGD/WDR/17-18/23-3-18 | 8-11-18 (അളവ് പുസ്തകം പേജ് 2) | 7 മാസം | ഭൂജലവകുപ്പിൽ നിന്ന് കുഴൽ കിണർ കുഴിക്കുന്നതിനുള്ള ഫീസിബിലിറ്റി 27-3-18 ന് ലഭിച്ച |
| 3 | കാപ്പിച്ചാൽ അങ്കണവാടിക്ക് | 143/AELSGD/WDR/17-18/23-3-18 | 5-3-19 | 12 മാസം | ഭൂജലവകുപ്പിൽ നിന്ന് കുഴൽ |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ളം ലഭ്യമാക്കൽ 465/20<br>അടങ്കൽ: 100000 (MGNR)<br>കരാറുകാരൻ: ഖാലിദ് പി<br>അളവ് പുസ്തകം: 158/17-18 | | (അളവ് പുസ്തകം പേജ് 3) | | കിണർ കുഴിക്കുന്നതിനുള്ള ഫീസിബിലിറ്റി 27-3-18 ന് ലഭിച്ചു |
| 4 | കളപ്പാട്ടുകുന്ന് അങ്കണവാടിക്ക് കുടിവെള്ളം ലഭ്യമാക്കൽ 468/20<br>അടങ്കൽ: 110000 (MGNR)<br>കരാറുകാരൻ: ഖാലിദ് പി<br>അളവ് പുസ്തകം: 154/17-18 | 146/AELSGD/WDR/17-18/23-3-18 | 29-1-19<br>(അളവ് പുസ്തകം പേജ് 3) | 10 മാസം | ഭൂജലവകുപ്പിൽ നിന്ന് കുഴൽ കിണർ കുഴിക്കുന്നതിനുള്ള ഫീസിബിലിറ്റി 27-3-18 ന് ലഭിച്ചു |
| 5 | നരിമടക്കൽ അങ്കണവാടിക്ക് കുടിവെള്ളം ലഭ്യമാക്കൽ 466/20<br>അടങ്കൽ: 110000 (MGNR)<br>കരാറുകാരൻ: ഖാലിദ് പി<br>അളവ് പുസ്തകം: 151/17-18 | 148/AELSGD/WDR/17-18/23-3-18 | 6-3-19<br>(അളവ് പുസ്തകം പേജ് 3) | 12 മാസം | ഭൂജലവകുപ്പിൽ നിന്ന് കുഴൽ കിണർ കുഴിക്കുന്നതിനുള്ള ഫീസിബിലിറ്റി 27-3-18 ന് ലഭിച്ചു |
| 6 | ഊട്ടുപുറം അങ്കണവാടിക്ക് കുടിവെള്ളം ലഭ്യമാക്കൽ 471/20<br>അടങ്കൽ: 110000 (MGNR)<br>കരാറുകാരൻ: ഖാലിദ് പി<br>അളവ് പുസ്തകം: 152/17-18 | 145/AELSGD/WDR/17-18/23-3-18 | 23-1-19<br>(അളവ് പുസ്തകം പേജ് 3) | 10 മാസം | ഭൂജലവകുപ്പിൽ നിന്ന് കുഴൽ കിണർ കുഴിക്കുന്നതിനുള്ള ഫീസിബിലിറ്റി 27-3-18 ന് ലഭിച്ചു |
| 7 | പെട്ടിക്കുന്ന് SC കോളനി റോഡ് കോൺക്രീറ്റ് 397/20<br>അടങ്കൽ: 163160 (SCP)<br>കരാറുകാരൻ: പ്രസാദ് ഇ<br>അളവ് പുസ്തകം: 57/18-19 | 57/AELSGD/WDR/18-19/5-12-18 | 17-9-19<br>(അളവ് പുസ്തകം പേജ് 3) | 9 മാസം | |
| 8 | വാണിയമ്പലം കെ കെ നഴ്സറി ക്വാർട്ടേഴ്സ് റോഡ് കോൺക്രീറ്റ് 484/20<br>അടങ്കൽ: 250000 (O F) | 6/AELSGD/WDR/18-19/2-11-18 | 2-12-19<br>(അളവ് പുസ്തകം പേജ് 6) | 13 മാസം | |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ: നൂറുൽ ഹസ്സൻ<br>അളവ് പുസ്തകം: 06/18-19 | | | | |
| 9 | മൃഗാശുപത്രി സൗകര്യം ലഭ്യമാക്കൽ 301/20<br>അടങ്കൽ: 1000000(വികസനഫണ്ട് ജനറൽ)<br>കരാറുകാരൻ: റാഷിദ്<br>അളവ് പുസ്തകം: 10/18-19, 10 B/18-19 | 171/AELSGD/WDR/18-19/27-3-18 | 17-9-19 (അളവ് പുസ്തകം പേജ് 8) | 17 മാസം | |

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതും പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ നിയമപരമായ പിഴ ഈടാക്കി അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 12/6-8-2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പൂർത്തീകരണ കാലയളവിനുള്ളിൽ മേൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ നിയമപരമായ പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

സെക്രട്ടറി മുഖേന 2019-2020 വർഷത്തിൽ തനത്ഫണ്ടിൽ നിന്നും താഴെ പറയുന്ന ഇനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്

| ക്രമ നം. | വൗച്ചർനം./തീയ്യതി | തുക | ചെലവിന്റെ വിശദവിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 21900631/228.09.2019 | 32,178 | അത്താണി ഏമങ്ങാട് റോഡിൽ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ വാണിയമ്പലത്തിന് നൽകിയ തുക(പ്രോജക്റ്റ് നം.568/2020) | പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ്, പൂർത്തീകരണ വിവരം,എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 2 | 21900819 /29.11.2019 | 1,43,590 | പ്രോജക്റ്റ് നം.38/2020,പുതിയ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയതിന് വിനിയോഗിച്ച തുക | പഴയഫോട്ടോസ്റ്റാറ്റ് മെഷീൻ കണ്ടം ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 3 | 21900952 /13.01.2020 | 5884 | 21-ാം വാർഡിലെ കളപ്പാട്ടുകുന്ന് റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി റോഡ് സൈഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ തിരുവാലിക്ക് നൽകിയ തുക. | പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 4 | 21900953 /13.01.2020 | 4860 | 21-ാം വാർഡിലെ മണലിമ്മൽ-കുഞ്ഞുട്ടി | പൂർത്തീകരണ വിവരം |

| | | | | |
|---|---|---|---|---|
| | | | റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി റോഡ് സൈഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ വണ്ടൂരിന് നൽകിയ തുക. | ലഭ്യമാക്കേണ്ടതാണ്. |
| 5 | 21901150/29.02.2020 | 8581 | 11-ാം വാർഡിലെ ചെരങ്ങാപ്പൊയിൽ പാലം നിർമ്മാണത്തിന് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ വാണിയമ്പലത്തിന് നൽകിയ തുക | പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 6 | 21901056/ 03.02.2020 | 50,901 | കോൺട്രാക്റ്റേഴ്സ് റീടെൻഷൻ തുക കൺവീനർക്ക് മടക്കി നൽകിയത് , (കൺവീനർക്ക് മടക്കി നൽകുന്നതിന് ഹെഡ്മാസ്റ്റർ ജി എൽ പി സ്കൂൾ പൂക്കുളത്തിന് നൽകിയത്) | 2017-18,വർഷത്തെ വിവിധ പ്രോജക്റ്റുകൾ ഇനത്തിലാണ് തുക മടക്കി നൽകിയത്. വർക്ക് ബില്ലുകളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 7 | 21900563/19.09.19 | 20,625 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ബുക്കുകൾ,ഫോറങ്ങൾ മുതലായവ ലഭ്യമായത് | സ്റ്റോക്ക്,ഇഷ്യൂ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 8 | 21901107/13.02.2020 | 1935 | പടിഞ്ഞാറെ പുല്ലൂർ കോളനി കിണർ നിർമ്മാണം,ഭൂജല സർവ്വേനടത്തുന്നതിന് ഭൂജല ഓഫീസ്,മലപ്പുറത്തിന് നൽകിയത്. | പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 9 | 21900197/ 01.06.19 | 2,30,000 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് മെഡിക്കൽ ഓഫീസർ (സി എച്ച് സി)ക്ക് നൽകിയ തുക | ചെലവുരേഖകൾ വേണം |

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (11/06.08.21) മറുപടി ലഭ്യമായെങ്കിലും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നത് വരെ ചെലവുതുക 498554 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് നം. 3/2020

എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ (ജനറൽ)

വിനിയോഗിച്ച തുക – 30,00,000 രൂപ (പ്ലാൻ ,ജനറൽ)

ബിൽ നം. 7/19-2020/22.08.19 – 17,00,000

ബിൽ നം. 15/19-2020/08.09.19 – 13,00,000

നിർവ്വഹണം - സെക്രട്ടറി

പദ്ധതിപ്രകാരം എസ് എസ് എ ഗ്രാമപഞ്ചായത്ത് വിഹിതം ജില്ലാ പ്രോജക്റ്റ് ഓഫീസർ എസ് എസ് എ ,മലപ്പുറത്തിന് നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെയും,വിനിയോഗിച്ചതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2)പ്രോജക്റ്റ് നം. 4/2020

പി എം എ വൈ പഞ്ചായത്ത് വിഹിതം നൽകൽ (ജനറൽ )

വിനിയോഗിച്ച തുക – 1,05,000 രൂപ(പ്ലാൻ ,ജനറൽ )

ബിൽ നം. 8/19-2020/22.07.19 – 1,05,000

നിർവ്വഹണം - സെക്രട്ടറി

3)പ്രോജക്റ്റ് നം. 5/2020

പി എം എ വൈ പഞ്ചായത്ത് വിഹിതം നൽകൽ (എസ് സി )

വിനിയോഗിച്ച തുക – 43,666 രൂപ(പ്ലാൻ ,എസ് സി പി )

ബിൽ നം. 9/19-2020/22.07.19 – 43,666

നിർവ്വഹണം - സെക്രട്ടറി

പദ്ധതികൾ പ്രകാരം പി.എം.എ.വൈ (ജനറൽ), എസ് സി വിഭാഗങ്ങൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം ,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വണ്ടൂരിനും എസ്.എസ്.എ.വിഹിതം പ്രൊജക്ട് ഓഫീസർ എസ്.എസ്.എ.മലപ്പുറത്തിനും നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെയും,വിനിയോഗിച്ചതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (10/06.08.2021) രേഖകൾ ലഭ്യമാക്കുന്നതാണെന്നറിയിച്ചു.ആയത് ലഭ്യമാക്കുന്നതു വരെ ചെലവുതുക 31,48,666 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## <u>1-25 മുഴുവൻ മരുന്നുകളും ലഭ്യമായിതിന്റെ വിവരം ലഭ്യമാക്കിയില്ല.</u>

പ്രോജക്റ്റ് നം. 84/2020

പരിരക്ഷ (പാലിയേറ്റീവ് കെയർ പ്രോഗ്രാം)

വിനിയോഗിച്ച തുക – 6,66,821 രൂപ (പ്ലാൻ -ജനറൽ)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ ,വണ്ടൂർ)

2019-20 വർഷത്തിൽ പരിരക്ഷ(പാലിയേറ്റീവ് കെയർ പ്രോഗ്രാം) പദ്ധതിയുടെ ഭാഗമായി ബിൽ നം.18/19-20/20.02.2020 പ്രകാരം 2,00,000 രൂപ മരുന്നുകൾ വാങ്ങാൻ കെ എം എസ് സി എൽ തിരുവനന്തപുരത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത് .

| ഇൻവോയിസ് നം./തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 1451/25.08.20 | 33,875 | |
| 1653/15.09.20 | 6733 | |
| 2626/05.01.2021 | 65501 | |
| 3254/08.02.2021 | 10806 | |
| 610/18.05.2021 | 3528 | |
| 835/14.06.2021 | 11664 | |
| 1396/10.07.2021 | 24032 | |
| 3412/31.07.2021 | 20398 | |
| ആകെ | 1,76,537 | |

അവശേഷിച്ച 23,463 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/09.08.21)

## 1-26 പ്രവൃത്തി പൂർത്തിയാക്കാതെ അവസാന ബിൽ നൽകി.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രവൃത്തി: പുല്ലപറമ്പ് എസ് സി കോളനി കുടിവെള്ളപദ്ധതി പുനരുദ്ധാരണം 385/19, 302/20

അടങ്കൽ: 252000 രൂപ ( SCP ഫണ്ട് )

കരാറുകാരൻ: ശ്രീ ഫൈസൽ വി എം

കരാർ: 83/AELSGD/WDR/17-18/30-12-17

കരാർ തുക: 419183.88 രൂപ

അളവ് പുസ്തകം: നംപർ ഇല്ല

ചെലവ്: 65765 രൂപ ( ബിൽ നംപർ 25/19-20/26-4-19)

മൂല്യനിർണ്ണയം: 65765

(-) IT 1% : 658

WF 1%: 658

കരാറുകാരന്: 64449

നിലവിലുള്ള കിണറിന്റെ ആഴം വർദ്ധിപ്പിച്ച് റിംഗ് വാർത്ത് കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിച്ച് നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ളതാണ് മേൽ പ്രവത്തി എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്ന് മനസ്സിലാവുന്നത്. എന്നാൽ, മേൽ പ്രവത്തി നിർവ്വഹിക്കാതെ, 110 മീറ്റർആഴത്തിൽ കുഴൽ കിണർ കുഴിച്ചതിനാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ വിശദാംശം ഫയലിൽ ഇല്ല. മാത്രമല്ല, 252000 രൂപ എസ്റ്റിമേറ്റ് ഉള്ള മേൽ പ്രവത്തിക്ക് വെറും 65765 രൂപ മാത്രം ചെലവഴിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ അനുവദിക്കുകയും ചെയ്തത് ശരിയായ നടപടിയല്ല. കുഴൽകിണർ കുഴിച്ചതല്ലാതെ, ആയതിന്റെ അനുബന്ധ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല.ആയതിനാൽ താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

2) എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുണ്ടായ സാഹചര്യം

3) കുഴൽകിണർ കുഴിച്ച് അനുബന്ധ പ്രവർത്തനങ്ങൾ നടത്താത്തത് (കുഴൽകിണറിന് End Cap പോലും സ്ഥാപിച്ചിട്ടില്ല)

4) ഫൈനൽ ബിൽ നൽകാനുണ്ടായ സാഹചര്യം

5) ഭൂജലവകുപ്പിൽ നിന്ന് ഫീസിബിലിറ്റി കിട്ടിയതിന്റെ വിശദാംശം

6) ജലലഭ്യത സംബന്ധിച്ച വിശദാംശം

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 13/6-8-2021 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഈ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ അറിയിക്കേണ്ടതുമാണ്.

## 1-27 കുടിവെള്ള വിതരണം - ആദായനികുതി ഈടാക്കിയില്ല.

1)പ്രോജക്റ്റ് നം. 312/2020(സ്പിൽ ഓവർ)

നരിമടയ്ക്കൽ കുടിവെള്ളവിതരണം

വിനിയോഗിച്ച തുക – 3,00,000 രൂപ(തനത്ഫണ്ട്)

2)പ്രോജക്റ്റ് നം. 566/2020

നരിമടയ്ക്കൽ കുടിവെള്ളവിതരണം

അടങ്കൽ തുക -3,00,000 രൂപ

വിനിയോഗിച്ച തുക – 50,000 രൂപ(തനത്ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

മേൽ പ്രോജക്റ്റുകൾ പ്രകാരം കുടിവെള്ളം മലിനപ്പെട്ടതിനാൽ ഗ്രാമപഞ്ചായത്തിലെ ബ്രാംകോ അലൂമിനിയം കമ്പനി പ്രദേശവാസികൾക്ക് വർഷം മുഴുവൻ കുടിവെള്ളമെത്തിക്കുന്നതിനായി (വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-

ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018 ലെ 4.1 നം തീരുമാനപ്രകാരവും പഞ്ചായത്ത് ഭരണസമിതിയുടെ 06.09.18 ലെ 1(1) നം. തീരുമാനപ്രകാരവും) ടെണ്ടർ പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത ജയപ്രകാശ് കരോല വീട് അത്താണിക്കൽ കാരാട് പി ഒ എന്ന വ്യക്തിക്ക് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം കുടിവെള്ളം വിതരണം നടത്തിയതിന് തുക നൽകിയിട്ടുണ്ട്.

| ക്രമനം. | വൗച്ചർ നം. /തീയ്യതി | തുക |
|---|---|---|
| 1 | 21900148/20.05.2019 | 27,300 |
| 2 | 21900246/14.06.2019 | 22,100 |
| 3 | 21900366/11.07.2019 | 19,500 |
| 4 | 21900468/16.08.2019 | 19,500 |
| 5 | 21900587/07.09.2019 | 15,600 |
| 6 | 21900688/10.10.2019 | 23,400 |
| 7 | 21900779/08.11.2019 | 20,800 |
| 8 | 21900951/10.01.2020 | 19,500 |
| 9 | 21900885/13.12.2019 | 19,500 |
| 10 | 21901171/03.03.2020 | 22,100 |
| 11 | 21901294/19.03.2020 | 19,500 |
| | ആകെ | 2,28,800 |

എന്നാൽ 1961 ലെ ഐ ടി ആക്റ്റ് സെക്ഷൻ 194 സി പ്രകാരം 1% ആദായ നികുതി ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ് .ആയത് ഈടാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ ,മേൽ പ്രോജക്റ്റ് നം.312/2020(സ്പിൽ ഓവർ) പ്രകാരം 3,00,000 രൂപ കുടിവെള്ളവിതരണത്തിനായി നൽകിയതിന്റെ ചെലവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.പ്രോജക്ററ് നം. 566/2020 പ്രകാരം ചെലവുപത്രിക പ്രകാരം 50,000 രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ യഥാർത്ഥത്തിൽ 2,28,800 രൂപ ചെലവഴിച്ചിട്ടുണ്ട്.അപാകതകക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 2,28,800രൂപയുടെ ചെലവുകൾ സുലേഖ സോഫ്റ്റ് വെയറിൽ ജേർണൽ നൽകി ക്രമപ്പെടുത്താത്തതിനാലാണ് അപ്രകാരം സംഭവിച്ചത് എന്നും 3,00,000രൂപയുടെ ചെലവു രേഖകൾ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. (19/09.08.21) രേഖകൾ ഹാജരാക്കേണ്ടതും ഐ ടി ആക്റ്റ് പ്രകാരം ആദായ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-28 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

വിശദാംശം താഴെ കൊടുക്കുന്നു.

1) GLPS പൂക്കുളം ടോയ്ലറ്റ് നിർമാണം, 407/19,556/20

അടങ്കൽ: 260000 രൂപ ( കേന്ദ്ര ഫണ്ട് )

കരാറുകാരൻ: ശ്രീ നൂറുൽ ഹസ്സൻ

കരാർ: 197AELSGD/WDR/18-19/15-3-19

കരാർ തുക: 245238 രൂപ

അളവ് പുസ്തകം: 192/19-20

ചെലവ്: 206096 രൂപ ( വൗച്ചർ നംപർ 131/19-20/12-3-20)

മൂല്യനിർണ്ണയം: 206096

(-) IT 1% : 2061

WF 1%: 2061

കരാറുകാരന്: 201974

പ്രവ്യത്തിസ്ഥലം കൈമാറിയത്: 15-3-19

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 14-9-19

( കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച (C) പ്രകാരം താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ് )

പൂർത്തീകരിച്ച തീയതി: 27-2-20(അളവ് പുസ്തകം പേജ് 26)

ഈടാക്കേണ്ട പിഴ:

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.Maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.Maximum 100000)

15-9-19 To 14-12-19 1% Of PAC= 2452.38 രൂപ

15-12-19 To 27-2-20 (75 Days) 2% Of PAC= 4904.76 X 75/90= 4087.30 രൂപ

ആകെ 6539.68 Ie.. 6540 രൂപ.

2) പാറക്കുളം പൂച്ചപ്പോയിൽ SC കോളനി കുടിവെള്ളപദ്ധതി, 533/20

അടങ്കൽ: 150000 രൂപ ( തനത് ഫണ്ട് )

കരാറുകാരൻ: ശ്രീ ഖാലിദ് പി

കരാർ: 113AELSGD/WDR/18-19/17-2-18

കരാർ തുക: 149673 രൂപ

അളവ് പുസ്തകം: നംപർ ഇല്ല

ചെലവ്: 149667 രൂപ ( വൗച്ചർ നംപർ 100/19-20/22-1-20)

മൂല്യനിർണ്ണയം: 149816.45

(-) Tender Variation 0.1 % 149.82

ബാക്കി 149667

(-) IT 1% : 1497

WF 1%: 1497

കരാറുകാരന്: 146673

പ്രവ്യത്തിസ്ഥലം കൈമാറിയത്: 17-2-18

കരാർ കാലവധി: 5 മാസം

പൂർത്തീകരിക്കേണ്ടതീയതി: 16-7-18

( പ്രവൃത്തി തുടങ്ങുന്നത് തന്നെ 7-8-19 ൽ മാത്രമാണ് (അളവ് പുസ്തകം പേജ് 3). കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച (C) പ്രകാരം താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ് )

പൂർത്തീകരിച്ച തീയതി: 20-9-19(അളവ് പുസ്തകം പേജ് 7)

ഈടാക്കേണ്ട പിഴ:

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.Maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.Maximum 100000)

17-7-18 To 16-10-18 1% Of PAC= 1496.73 രൂപ

17-10-18 To 16-1-19 2% Of PAC= 2993.46 രൂപ

17-1-19 To 16-4-19 2% Of PAC= 2993.46 രൂപ

17-4-19 To 16-7-19 2% Of PAC= 2993.46 രൂപ

17-7-19 To 20-9-19 (66 Days) 2% Of PAC= 2993.46 X 66/90= 2195.20 രൂപ

ആകെ 12672.31 Ie.. 12672 രൂപ.

മേൽ പ്രകാരം പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതും പിഴ അതാത് കരാറുകാരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 4/4-8-2021 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴയിനത്തിലുള്ള 17522 രൂപ അതാത് കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 01.08.2021- 03.08.2021 | റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 4165000 | ലൈഫ് ഭവന നിർമ്മാണം- ജനറൽ6/20 | 4165000 | 0 |
| ജില്ലാ പഞ്ചായത്ത് | 19188332 | ലൈഫ് ഭവന നിർമ്മാണം- ജനറൽ 6/20 621/20 | 19188332 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ബിൽനം./ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിററി | 315/20,കുറ്റിയിൽ അംഗനവാടിക്ക് കുടിവെള്ളം ലഭ്യമാക്കൽ -വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 34/19-20-/31.01.2020-50,000 &33/19-20/13.03.2020-130000 | 50,000 പ്ലാൻ(ജനറൽ) ൽ1,30,000 എം ജി (എൻ ആർ) | - | 1,80,000 |
| 2 | കേരള വാട്ടർ അതോറിററി | 69/20,മുണ്ടാണി വയൽറോഡ് പൈപ്പ് ലൈൻ-വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 37/19-20-/13.03.2020-62,000 &36/19-20/13.03.2020-113000 | 1,13,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) 62,000 -പ്ലാൻ(ജനറൽ) | - | 1,75,000 |
| 3 | കേരള വാട്ടർ അതോറിററി | 71/20,പാലക്കാട്ടുകന്ന് പൈപ്പ് ലൈൻ- വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 35/19-20/30.01.2020 | 4,30,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 4,30,000 |
| 4 | കേരള വാട്ടർ അതോറിററി | 73/20,കോക്കാടൻകുന്ന് പൈപ്പ് ലൈൻ-വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 32/19-20/13.03.2020 | 1,47,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 1,47,000 |
| 5 | കേരള വാട്ടർ അതോറിററി | 78/20,മേലേമഠം-വൈദ്യർപടി റോഡ് പൈപ്പ് ലൈൻ-വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 27/19-20/20.01.2020 | 50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 50,000 |
| 6 | കേരള വാട്ടർ അതോറിററി | 81/20,കുംഭാരകോളനി പൈപ്പ് ലൈൻ-വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 28/19-20/20.01.2020 | 30,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 30,000 |
| 7 | കേരള വാട്ടർ അതോറിററി | 83/20,നരിമടക്കൽ പൈപ്പ് ലൈൻ നീട്ടൽ-വാട്ടർ അതോറിററിക്ക് വിഹിതം നൽകൽ | 29/19-20/20.01.2020 | 3,30,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 3,30,000 |
| 8 | കെ എസ് ഇ ബി | 114/20,പുത്രിക്കര എസ് സി കോളനി കുടിവെള്ളപദ്ധതിക്ക് വൈദ്യുതി ലഭ്യമാക്കൽ | 18/19-20/30.09.2019 | 99,444 (എസ് സി പി ) | - | 99,444 |
| 9 | കേരള വാട്ടർ അതോറിററി | 314/20,ബഡ്സ് റിഹാബിലിറ്റേഷൻ സെൻററിന് കുടുവെള്ളം ലഭ്യമാക്കൽ-വാട്ടർ | 26/19-20/17.11.2019 | 18,000 | - | 18,000 |

| | | | | | | |
|---|---|---|---|---|---|---|
| | | അതോറിറ്റിക്ക് വിഹിതം നൽകൽ | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018/LSGD/ 18.05.18 | 25803926 | 2478555+ 25803926 | 2059358 | 0 | 26223123 |
| | | ആകെ | 28282481 | | | |

കുറിപ്പ്:- ലോൺ രജിസ്റ്റർ കാലികമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പി എം എസ് എ മെമ്മോറിയൽ മലപ്പുറം ജില്ലാ സഹകരണ ആശുപത്രി ലിമിറ്റഡ്,മലപ്പുറം ,ഷെയറുകൾ | 3000 |
| | |
| ആകെ | 3000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | | 2016-17 | 2(1),2(2) | പ്രവർത്തനാവലോകനം (വിദ്യാഭ്യാസ മേഖല) | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

(എ). ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി). സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യാവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 60415474 |
| ഓഡിറ്റ് വർഷത്തെ വരവ് | 141391171 |
| ആകെ | 201806645 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 140044359 |
| നീക്കിയിരിപ്പ് | 61762286 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6640459 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 535050 | ത്രേസ്യാ കെ ജോർജ്, ഹെഡ് മാസ്റ്റർ |
| 1-20 | 1459444 | ശ്രീ.വൈ പി മുഹമ്മദ് അഷ്റഫ്,സെക്രട്ടറി |
| 1-21 | 998745 | ശ്രീ.വൈ പി മുഹമ്മദ് അഷ്റഫ്,സെക്രട്ടറി |
| 1-23 | 498554 | ശ്രീ.വൈ പി മുഹമ്മദ് അഷ്റഫ്,സെക്രട്ടറി |
| 1-24 | 3148666 | ശ്രീ.വൈ പി മുഹമ്മദ് അഷ്റഫ്,സെക്രട്ടറി |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1. | 1996-97 | എൽ.എഫ്.എം.15/798/98 തീയതി 03-10-1998/13.07.04 | 40 |
| 2. | 1997-98 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 3 |
| 3. | 1998-99 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 4 |
| 4. | 1999-2000 ചെലവ് | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 1 |
| 5. | 1999-2000 വരവ് | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 3 |
| 6. | 2000-01 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 2 |
| 7. | 2001-02 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 4 |
| 9. | 2003-04 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05- | 5 |

| | | | |
|---|---|---|---|
| | | 2018 | |
| 11. | 2005-06 | എൽ.എഫ്.എം 6/906/2008 തീയതി14-10-2019 | 2 |
| 12. | 2006-07 | എൽ.എഫ്.എം 6/907/08 തീയതി 14-10-2019 | 11 |
| 14. | 2008-09 | എൽ.എഫ്എം 6/1255/10 തീയതി14-10-2019 | 3 |
| 15. | 2009-10 | എൽ.എഫ്എം 6/1256/10 തീയതി 14-10-2019 | 4 |
| 16. | 2010-11 | എൽ.എഫ്എം 6/940/12 തീയതി 14-10-2019 | 1 |
| 17. | 2011-12,2012-13 | എൽ.എഫ്എം 6/1377/14 തീയതി 08-09-2015 | 27 |
| 18. | 2013-14 | എൽ.എഫ്എം 6/684/14 തീയതി 01-09-2015 | 10 |
| 19. | 2014-15 | കെ.എസ്.എ.എം.പി.എം.6/550/16തീയതി 21-04-2016 | 12 |
| 20. | 2015-16 | കെ.എസ്.എ.എം.പി.എം.6/2699/16 തീയതി 23-02-2018 | 8 |
| 21. | 2016-17 | കെ.എസ്.എ.എം.പി.എം.6/2412/18തീയതി 17-04-2019 | 13 |
| 22. | 2017-18 | കെ.എസ്.എ.എം.പി.എം.6/582/20തീയതി 04-06-2020 | 20 |
| 22. | 2018-19 | കെ.എസ്.എ.എം.പി.എം.6/ 784/2021തീയതി 05-07-2021 | 18 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## .ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്